**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4296** **09-08-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻപ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 17.09.2020-ലെ സ.ഉ(ആർ.റ്റി) നമ്പർ 2898/2020/റവ പ്രകാരം എറണാകുളം ജില്ലയിൽ കറുകുറ്റി അങ്കമാലി വില്ലേജുകളിൽ ഉൾപ്പെട്ട 749.71 ആർ സ്ഥലം അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും RFCTLARR Act 2013 പ്രകാരം പൊന്നുംവില ഓഫീസറായി എറണാകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായിട്ടുള്ള 4(1) വിജ്ഞാപനം 02-08-2021-ലെ സ.ഉ (അച്ചടി) 105/2021/റവ (03.08.2021-ലെ അസാധാരണ ഗസറ്റ് നമ്പർ 2298) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ബൈപ്പാസിന്റെ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | അലൈന്മെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. |
| (സി) | ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി കണ്ടിൻജൻസി ചാർജായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | കണ്ടിൻജൻസി ചാർജിനത്തിൽ 50 ലക്ഷം രൂപ വർക്ക് ഡിപ്പോസിറ്റിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. |
| (ഡി) | ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 4(1) വിജ്ഞാപനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായിട്ടുള്ള 4(1) വിജ്ഞാപനം 02-08-2021-ലെ സ.ഉ (അച്ചടി) 105/2021/റവ (03.08.2021-ലെ അസാധാരണ ഗസറ്റ് നമ്പർ 2298) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |
| (ഇ) | ബൈപ്പാസിനായി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിന് ഇനി എന്തെല്ലാം നടപടികൾ ഉണ്ടെന്നും ഇതിനായി എത്ര കാലതാമസം ഉണ്ടാകുമെന്നും വിശദമാക്കാമോ; | (ഇ) | RFCTLARR Act 2013 പ്രകാരം സാമൂഹ്യാഘാത വിലയിരുത്തൽ പഠനം, പ്രാഥമിക വിജ്ഞാപനം, സർവ്വേ നടപടികൾ, ഡ്രാഫ്റ്റ് ഡിക്ലറേഷൻ, ബേസിക് വാല്യൂവേഷൻ റിപ്പോർട്ട് തയ്യാറാക്കൽ, നിയമപ്രകാരമുള്ള ഉടമസ്ഥാവകാശം തീരുമാനിക്കൽ, നഷ്ടപരിഹാരതുക ലഭ്യമാക്കുക, ഭൂമി ഏറ്റെടുക്കുക മുതലായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | നിയമാനുസൃതമായി അനുവദനീയമായ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതാണ്. |
| (എഫ്) | ഭൂമി ഏറ്റെടുക്കൽ വേഗത്തിൽ പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | RFCTLARR Act 2013 പ്രകാരം സാമൂഹ്യാഘാത വിലയിരുത്തൽ പഠനം, പ്രാഥമിക വിജ്ഞാപനം, സർവ്വേ നടപടികൾ, ഡ്രാഫ്റ്റ് ഡിക്ലറേഷൻ, ബേസിക് വാല്യൂവേഷൻ റിപ്പോർട്ട് തയ്യാറാക്കൽ, നിയമപ്രകാരമുള്ള ഉടമസ്ഥാവകാശം തീരുമാനിക്കൽ, നഷ്ടപരിഹാരതുക ലഭ്യമാക്കുക, ഭൂമി ഏറ്റെടുക്കുക മുതലായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളതാണ്. നിയമാനുസൃതമായി അനുവദനീയമായ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ